പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1070** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>രാമനാട്ടുകര - കോഴിക്കോട് വിമാനത്താവളം എലിവേറ്റഡ് ഹൈവെ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** രാമനാട്ടുകര - കോഴിക്കോട് വിമാനത്താവളം എലിവേറ്റഡ് ഹൈവേ നിർമ്മാണപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** ദേശീയപാത അതോറിറ്റി നിർമ്മാണം നടത്തേണ്ട രാമനാട്ടുകര - കോഴിക്കോട് വിമാനത്താവളം എലിവേറ്റഡ് ഹൈവേ പദ്ധതിയുടെ ഡി.പി.ആർ (DPR) പഠനം പുരോഗമിക്കുന്നു. നിർദ്ദിഷ്ട അലൈൻമെന്റ് നിലവിൽ പരിശോധനയിലാണ്. അവലോകനം പൂർത്തിയാക്കി ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരം ലഭിച്ച ശേഷം ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്നതായിരിക്കുമെന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

**(ബി)** 24 മീറ്റർ വീതിയിലും 12 കിലോമീറ്റർ നീളത്തിലും നാലുവരിപ്പാത നിർമ്മിക്കാനാണോ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഫാറൂഖ് - പേട്ട മുതൽ എയർപോർട്ട് റോഡ് ജംഗ്ഷൻ വരെ 13.51 km നീളത്തിലാണ് പദ്ധതി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ, പേട്ട ജംഗ്ഷൻ മുതൽ രാമനാട്ടുകര ജംഗ്ഷൻ വരെ 3.85 km റോഡ് നാല് വരി പാതയായി വികസിപ്പിക്കുന്നതിനു പൊതുമരാമത്തുവകുപ്പ് ദേശീയപാത വിഭാഗത്തിന് കോഴിക്കോട് സിറ്റി റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകി. തുടർന്ന് ശേഷിക്കുന്ന ഭാഗമായ രാമനാട്ടുകര ജംഗ്ഷൻ മുതൽ എയർപോർട്ട് റോഡ് ജംഗ്ഷൻ വരെ 9.66 km നീളം 24 m വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുകയും പ്രസ്തുത പ്രവൃത്തി KRFB യ്ക്ക് കൈമാറുകയുമുണ്ടായി. 19.12.2024- ൽ ഫറോക്ക് റസ്റ്റ് ഹൗസിൽ നടന്ന CMT മീറ്റിങ്ങിലെ തീരുമാനപ്രകാരം രാമനാട്ടുകര കോഴിക്കോട് വിമാനത്താവളം ഹൈവേ 9.56 കി മീ ദൂരത്തിൽ 24 മീ വീതിയിൽ വികസിപ്പിക്കുന്നതിനായി 10.02 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ₹443.144 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബിയിൽ പരിശോധിച്ചു വരുന്നു.

**(സി)** ഭൂമി ഏറ്റെടുക്കലിലെ ഭാരിച്ച ചെലവും സാമൂഹിക പ്രത്യാഘാതങ്ങളും ഒഴിവാക്കുന്നതിന് വേണ്ടിയാണോ ഇപ്പോൾ എലിവേറ്റഡ് രീതിയിലേക്ക് മാറിയത്; വിശദാംശം നല്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പദ്ധതിയുടെ അലൈൻമെന്റിന് കേന്ദ്ര സർക്കാരിന്റെ അലൈൻമെന്റ് അംഗീകാരസമിതിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിർദ്ദിഷ്ട അലൈൻമെന്റ് നിലവിൽ പരിശോധനയിലാണെന്നും ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല എന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**